## പതിനാലാം കേരള നിയമസഭ

## ഇരുപത്തി രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 307 — 12/01/2021-ൽ മറുപടിക്ക്

### പുതുജീവൻ സൈക്യാട്രി ആശുപത്രിയിലെ മരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) |
| എ) ചങ്ങനാശ്ശേരി തൃക്കൊടിത്താനത്തുള്ള പുതുജീവൻ സൈക്യാട്രി ആശുപത്രിയിൽ അടിക്കടി മരണങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത മരണങ്ങൾ അന്വേഷിക്കുന്നതിന് പ്രത്യേക ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | ബി) ഉണ്ട്. കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും 15/07/2019 ന് സർക്കാർ മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം മേധാവി, ഇൻഫക്ഷ്യസ് ഡിസീസ് വിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരും, ജില്ലാ മെഡിക്കൽ ഓഫീസിലെ ടീമും സംയുക്തമായി 27/02/2020 നും പ്രസ്തുത സ്ഥാപനം സന്ദർശിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. |
| സി) മരണങ്ങൾ സംബന്ധിച്ച് അന്വേഷണ ഏജൻസിയിൽ നിന്നും സർക്കാരിന് ലഭിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | സി) പുതുജീവൻ ട്രസ്റ്റ് ഹോസ്പിറ്റലിൽ ചികിത്സയിലിരിക്കുകയും തുടർന്ന് വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്യപ്പെടുകയും ചെയ്ത 3 രോഗികളാണ് മരിച്ച പോയിട്ടുള്ളത്. അന്വേഷണ സമയത്ത് പത്ത് രോഗികൾ ആണ് അമിതമായ ക്ഷീണം, തളർച്ച, hypertension, Tachyacardia, Ollguria, Upper respiratory infection, puffiness of face, pedal edema എന്നീ രോഗ ലക്ഷണങ്ങളാൽ വിവിധ ആശുപത്രികളിൽ ചികിത്സയിലുണ്ടായിരുന്നത്. ഈ രോഗികളിൽ 3 പേർക്ക് ഹൃദയ സംബന്ധമായ ആരോഗ്യ പ്രശ്നങ്ങൾ (Myocardial Involvement) ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതുജീവനിൽ ചികിത്സയിലിരിക്കെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായ രോഗികളെല്ലാം മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ ആയിരുന്നു എന്നും Soducumvalprote, Amisulpride clozaphine, depot injections എന്നീ മരുന്നുകൾ ഉപയോഗിക്കുന്നവരായിരുന്നുവെന്നും ഇവർക്ക് കൃത്യമായ ചികിത്സ പുതുജീവനിൽ ലഭ്യമാക്കിയിരുന്നുവെന്നും മാനസികാസ്വാസ്ഥ്യത്തിന് നൽകിയ മരുന്നുകൾ ഇത്തരം ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കാൻ സാധ്യതയില്ലെന്നുമാണ് സർക്കാർ |

മെഡിക്കൽ കോളേജിലെ സൈക്യാട്രിക് ഇവല്യുവേഷൻ നടത്തിയ വിദഗ്ധ സംഘം റിപ്പോർട്ട് നൽകിയത്.

അന്തിമ റിപ്പോർട്ടിൽ മരണപ്പെട്ട രോഗികളിൽ myocardiat injury/myocarditis ഉണ്ടായതായും എന്ത് കാരണത്താലാണിത് എന്നത് വ്യക്തമല്ല എന്നും viral Infection, Toxic Etiology എന്നിവ കാരണമാകാം എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഡി) പുതുജീവൻ സൈക്യാട്രി ആശുപത്രിക്ക് നിയമപ്രകാരം പ്രവർത്തിക്കാൻ ആവശ്യമായ എല്ലാ അനുമതികളും ലഭിച്ചിരുന്നോ; വിശദമാക്കാമോ;

ഡി) പുതുജീവൻ ട്രസ്റ്റ് ഹോസ്പിറ്റൽ, മെന്റൽ ഹെൽത്ത് ആക്ട്-1987 പ്രകാരം ചങ്ങനാശ്ശേരിയിലെ നാലുകോടി എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നതിന് 4/3/2016-ൽ 5 വർഷത്തേക്ക് മെന്റൽ ഹെൽത്ത് അതോറിറ്റി ലൈസൻസ് അനുവദിച്ചിരുന്നു. അനുവദിച്ച സ്ഥലത്ത് മേൽ സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്ന വിവരം അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടതിനാൽ 22/02/2019 ലെ A/277/2018/SMHA നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച ലൈസൻസ് റദ്ദാക്കുകയും ചെയ്തിരുന്നു.

എന്നാൽ മെന്റൽ ഹെൽത്ത് കെയർ ആക്ട്-2017 പ്രകാരം 31/03/2020 ന് രജിസ്ട്രേഷനു വേണ്ടി മേൽ സ്ഥാപനം "പുതുജീവൻ ട്രസ്റ്റ് ചാരിറ്റബിൾ ഹോസ്പിറ്റൽ, കോട്ടമുറി.പി.ഒ ചങ്ങനാശ്ശേരി" എന്ന വിലാസത്തിൽ അപേക്ഷ നൽകിയിരുന്നെങ്കിലും സ്ഥാപനത്തിനെതിരെയുള്ള പരാതികളുടെ അടിസ്ഥാനത്തിൽ അതോറിറ്റി പ്രസ്തുത സ്ഥാപനത്തിന് രജിസ്ട്രേഷൻ നൽകിയിരുന്നില്ല.

ഇ) പ്രസ്തുത സ്ഥാപനത്തിൽ സർക്കാരിന്റെ ഏതെങ്കിലും ഏജൻസികൾ പരിശോധന നടത്തിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇ) ടി സ്ഥാപനത്തിനെതിരെ പരാതി ലഭിച്ചതിനെ തുടർന്ന് അതോറിറിയുടെ നിർദ്ദേശാനുസരണം കോട്ടയം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ.നിഷ സിറിയക് അന്വേഷണം നടത്തുകയും നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ഇല്ലെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് പുതുജീവൻ ട്രസ്റ്റ് ആശുപത്രിക്ക് നൽകിയിരുന്ന ലൈസൻസ് റദ്ദ് ചെയ്തിരുന്നത്.

സെക്ഷൻ ഓഫീസർ